## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152 07.12.2015-ൽ മറുപടിയ്ക്ക്

### ഭരണരംഗത്തെ അധികാര വികേന്ദ്രീകരണം

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഭരണരംഗത്തെ ഒട്ടേറെ അധികാരങ്ങൾ ഇപ്പോഴും സെക്രട്ടേറിയറ്റിൽ കേന്ദ്രീകരിച്ചിരിക്കുന്നത് വികസന പ്രവർത്തനങ്ങളെ എന്തെല്ലാം നിലയിൽ ബാധിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ഉതകുംവിധത്തിലാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്ക്കരിക്കുന്നതിനും അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിയ സുപ്രധാന പദ്ധതിയാണ് **'സേവാഗ്രാം'** എന്ന പേരിൽ എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ഭരണഘടനയുടെ 73-74 ഭേദഗതി അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം വികേന്ദ്രീകരിച്ച് നൽകിയതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും നല്ല രീതിയിൽ അധികാര വികേന്ദ്രീകരണം നടത്തിയതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ ഒന്നാം സ്ഥാനം കേരളത്തിന് ലഭിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം അധികാരങ്ങൾ ഇനിയും വികേന്ദ്രീകരിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നു; ഈ സർക്കാരിന്റെ കാലത്ത് നിയമഭേദഗതിയിലൂടെ എന്തെങ്കിലും അധികാരം വികേന്ദ്രീകരിച്ച് നൽകുകയുണ്ടായോ; പ്രസ്തുത രംഗത്ത് നിർദ്ദേശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (ബി) | അധികാരങ്ങൾ ഇനിയും വികേന്ദ്രീകരിച്ച് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഈ സർക്കാരിന്റെ കാലത്ത് നിയമ ഭേദഗതിയിലൂടെ അധികാരം വികേന്ദ്രീകരിച്ച് നൽകിയിട്ടില്ല. |
| (സി) | ഒറ്റ വകുപ്പായിരുന്നതിനെ മൂന്നായി തിരിച്ച് നൽകിയതും പദ്ധതി തുക നൽകാതിരുന്നതും അധികാര വികേന്ദ്രീകരണ പ്രക്രിയയും ഏകോപനവും ദുർബലപ്പെട്ട അവസ്ഥയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഒറ്റ വകുപ്പായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ല. സർക്കാർ തലത്തിൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏക വകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വകുപ്പ് മന്ത്രി, നഗരകാര്യവകുപ്പ് മന്ത്രി, ഗ്രാമവികസന വകുപ്പ് മന്ത്രി എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങളെ കാലികമായി ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കാലികമായി ശക്തിപ്പെടുത്തുന്നതിനുള്ള ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ